<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1117</u> <u>10-08-2023 - ൽ മറുപടിയ്ക്ക്</u>

<u>നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി –തുണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കുറ്റ്യാടി – തുണേരി - വേറ്റുമ്മൽ -കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതിയുടെ പുനരുദ്ധരിക്കൽ നടപടിയുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ തുണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തിൽ നിന്നും (ചെയി.7/650 കി.മീ) ആരംഭിക്കുന്ന Tail end distributary കനാൽ പുനരുദ്ധാരണ പ്രവൃത്തി നടത്തുവാനുള്ള തുടർ നടപടികൾക്കായി കനാൽ ഭൂമിയുടെ അതിര് നിർണ്ണയിക്കുന്നതിന് വടകര താലൂക്ക് തഹസിൽദാർക്ക് ചീഫ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിരുന്നു. Tail end distributary കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 4.25 കി.മീ നീളത്തിൽ കനാൽ ഭൂമി അക്വയർ ചെയ്തെങ്കിലും 2.00 കി.മീ ദൂരം മാത്രമേ കനാൽ നിർമ്മിച്ചിട്ടുള്ളൂ. നിർമ്മിച്ച സ്ഥലങ്ങളിൽ പലയിടത്തും കനാൽ മൂടിപ്പോയ അവസ്ഥയിലായതിനാൽ കനാൽ Alignment പല സ്ഥലത്തും മനസ്സിലാക്കുവാൻ സാധിക്കില്ല. ആയതിനാൽ കനാൽ ഭൂമിയുടെ അതിര് വ്യക്തമാക്കുവാൻ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കനാൽ ഭൂമിയിൽ സർവ്വേ കല്ലുകൾ ഒന്നുംതന്നെ കാണാത്തതിനാൽ ഇറിഗേഷൻ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്ത സർവ്വേ നടപടി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഇറിഗേഷൻ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്ത സർവേ നടപടി ആരംഭിച്ചിട്ടുണ്ടോ; ഇല്ലങ്കിൽ എന്ന് പൂർത്തികരിക്കുമെന്ന് അറിയിക്കുമോ? | (ബി) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ തുണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തിൽ നിന്നും (ചെയി.7/650 കി.മീ) ആരംഭിക്കുന്ന Tail end distributary കനാൽ പുനരുദ്ധാരണ പ്രവൃത്തി നടത്തുവാനുള്ള തുടർ നടപടികൾക്കായി കനാൽ ഭൂമിയുടെ അതിര് നിർണ്ണയിക്കുന്നതിന് വടകര താലൂക്ക് തഹസിൽദാർക്ക് ചീഫ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിരുന്നു. Tail end distributary കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 4.25 കി.മീ നീളത്തിൽ കനാൽ ഭൂമി അക്വയർ ചെയ്തെങ്കിലും 2.00 കി.മീ ദൂരം മാത്രമേ കനാൽ നിർമ്മിച്ചിട്ടുള്ളൂ. നിർമ്മിച്ച സ്ഥലങ്ങളിൽ പലയിടത്തും കനാൽ മൂടിപ്പോയ |

| | | | |
|---|---|---|---|
| | | | അവസ്ഥയിലായതിനാൽ കനാൽ Alignment പല സ്ഥലത്തും മനസ്സിലാക്കുവാൻ സാധിക്കില്ല. ആയതിനാൽ കനാൽ ഭൂമിയുടെ അതിര് വ്യക്തമാക്കുവാൻ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. കനാൽ ഭൂമിയിൽ സർവ്വേ കല്ലുകൾ ഒന്നുംതന്നെ കാണാത്തതിനാൽ ഇറിഗേഷൻ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സംയുക്ത സർവ്വേ നടപടി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ